# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2553** **08/5/2017** -ലെ മറുപടി

## കുറത്തികാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ.രാജേഷ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുറത്തികാട് കുടിവെള്ള പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി റെയിൽവേ നൽകിയ അനുമതിയുടെയും സ്വീകരിച്ച തുടർനടപടികളുടെയും വിശദാംശം ലഭ്യമാക്കുമോ;<br>(ബി) അടിയന്തരമായി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) & (ബി) | കുറത്തിക്കാട് പദ്ധതിക്കായി റെയിൽവേ പാലത്തിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചതനുസരിച്ച് പദ്ധതി പ്രദേശത്ത് സബ് വേ നിർമ്മാണം നടക്കുന്നതിനാൽ അത് പൂർത്തിയായതിന് ശേഷം മാത്രമേ അനുമതി നൽകുന്നത് പരിഗണിക്കാനാവൂ എന്ന് റെയിൽവേ അറിയിച്ചിരുന്നു. തുടർന്ന് 12/8/2015, 27/7/2016 എന്നീ തീയതികളിൽ റെയിൽവേ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിക്കുകയും റെയിൽവേ ആയത് വ്യവസ്ഥകളോടെ അംഗീകരിച്ച് മണ്ണ് പരിശോധനയ്ക്ക് അനുമതി നൽകുകയുമുണ്ടായി. തുടർന്ന് 02/11/2016-ൽ മണ്ണ് പരിശോധനയ്ക്കുള്ള അപേക്ഷ തിരുവനന്തപുരം എൽ.ബി.എസ് സെന്ററിൽ കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ഫീസ് അടയ്ക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/